പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായ, വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി ചട്ടം 300 പ്രകാരം 2026 ഒക്ടോബർ 27 – ന് സഭയിൽ നടത്തിയ പ്രസ്താവന**

വിഷയം: കേരളത്തിന്റെ വ്യവസായ വികസനത്തിന് ഭൂമിയുടെ ലഭ്യത ഉറപ്പാക്കൽ, വൻകിട നിക്ഷേപങ്ങൾ ആകർഷിക്കൽ, നിക്ഷേപ പ്രോത്സാഹന പാക്കേജ് പരിഷ്കരിക്കൽ എന്നിവ സംബന്ധിച്ച്.

ബഹുമാനപ്പെട്ട സ്പീക്കർ സാർ,

കേരളത്തിന്റെ വ്യവസായ വികസനത്തിൽ നിർണായകമായ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുന്നതിനുള്ള സുപ്രധാനമായ ചില തീരുമാനങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

വിദ്യാഭ്യാസം, നൈപുണ്യം, സാങ്കേതികവിദ്യ, സംരംഭകത്വം എന്നിവയിൽ കേരളത്തിന് വലിയ സാധ്യതകളുണ്ട്. ലോകോത്തര നിലവാരത്തിലുള്ള മനുഷ്യവിഭവശേഷിയും മികച്ച ജീവിതനിലവാരവും തന്ത്രപ്രധാനമായ ഭൂമിശാസ്ത്ര സ്ഥാനവും നമ്മുടെ സംസ്ഥാനത്തിന്റെ കരുത്താണ്. ഈ കരുത്തുകളെ കൂടുതൽ നിക്ഷേപങ്ങളായും വ്യവസായങ്ങളായും തൊഴിലവസരങ്ങളായും മാറ്റിയെടുക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഇതിനായി നിക്ഷേപകർക്ക് അനുമതികൾ നൽകുന്നതിൽ മാത്രം ഒതുങ്ങാതെ, വ്യവസായത്തിന് ആവശ്യമായ ഭൂമി, അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക പ്രോത്സാഹനങ്ങൾ, സാങ്കേതിക പിന്തുണ, നൈപുണ്യമുള്ള മനുഷ്യവിഭവശേഷി എന്നിവ ഒരുമിച്ച് ലഭ്യമാക്കുന്ന സമഗ്രമായ വ്യവസായ വികസന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

1. വ്യവസായ ഭൂമിയുടെ ലഭ്യത വർധിപ്പിക്കൽ

നിലവിൽ സംസ്ഥാനത്ത് വൻകിട വ്യവസായ നിക്ഷേപങ്ങൾക്ക് ഗണ്യമായ സാധ്യതകളുണ്ട്. എന്നാൽ ഈ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ വ്യവസായ ഭൂമിയുടെ ലഭ്യത

പരിമിതമാണ്. ഈ വെല്ലുവിളി പരിഹരിക്കുക സർക്കാരിന്റെ പ്രധാന മുൻഗണനയാണ്.

ഇതിനായി ബജറ്റിൽ ലഭ്യമാകുന്ന തുകയ്ക്ക് പുറമേ, സ്ഥാപനപരമായ ധനസഹായം (Institutional Financing) ഉൾപ്പെടെയുള്ള വിവിധ ധനസമാഹരണ മാർഗങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ ഭൂമി കണ്ടെത്താനും ഏറ്റെടുക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

വ്യവസായ നിക്ഷേപത്തിന് ഭൂമി ഒരു തടസ്സമാകരുത്; മറിച്ച് നിക്ഷേപം ആകർഷിക്കുന്ന പ്രധാന ഘടകമായി ഭൂമിയെ മാറ്റുകയാണ് നമ്മുടെ ലക്ഷ്യം.

2. വ്യവസായ മേഖലകളും ലാൻഡ് ബാങ്കും

വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിലും വിഴിഞ്ഞം ഉൾപ്പെടെയുള്ള തന്ത്രപ്രധാന മേഖലകളിലും അനുയോജ്യമായ ഭൂമി കണ്ടെത്തി വ്യവസായ മേഖലകളായി വിജ്ഞാപനം ചെയ്യുന്നതാണ്.

മറ്റ് ജില്ലകളിലും വ്യവസായ വികസനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഇത്തരത്തിൽ വിജ്ഞാപനം ചെയ്യും.

ഈ വ്യവസായ മേഖലകളിൽ സർക്കാരിന്റെ പുതിയ നയമായ 'ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ' - 'സരൾ കേരളം' പ്രകാരം നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സ്വകാര്യ ഭൂമിയും വ്യവസായ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിന് ഏറ്റെടുക്കൽ, പാട്ടം, ലാൻഡ് പൂളിംഗ് തുടങ്ങിയ വിവിധ മാർഗങ്ങൾ പരിഗണിക്കും. ഇത്തരത്തിൽ ഒരു വ്യവസായ ലാൻഡ് ബാങ്ക് രൂപീകരിച്ച് അനുയോജ്യമായ മേഖലകളെ വലിയ വ്യവസായ സോണുകളായി വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

3. അന്താരാഷ്ട്ര നിലവാരത്തിലുള്ള പദ്ധതി ആസൂത്രണം

വൻകിട വ്യവസായ പദ്ധതികൾ യാഥാർഥ്യമാക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനൊപ്പം അവയുടെ സാമ്പത്തികവും സാങ്കേതികവുമായ സാധ്യതകൾ ശാസ്ത്രീയമായി വിലയിരുത്തേണ്ടതുണ്ട്.

ഇതിനായി അന്താരാഷ്ട്ര പ്രശസ്തിയുള്ള ഇൻഫ്രാസ്ട്രക്ചർ കൺസൾട്ടൻസിയുടെ സേവനം പ്രയോജനപ്പെടുത്തി സാധ്യതാ പഠന റിപ്പോർട്ടുകളും വിശദമായ പദ്ധതി റിപ്പോർട്ടുകളും (DPR) തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

വിജ്ഞാപനം ചെയ്യുന്ന വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ തിരിച്ചറിയുകയും അനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ദേശീയ-അന്തർദേശീയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കും.

4. മുൻഗണനാ മേഖലകളിൽ വ്യവസായ വികസനം

ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന മേഖലകളിൽ സാധ്യതാ പഠനങ്ങളും പദ്ധതി രൂപീകരണവും നടത്താൻ ഉദ്ദേശിക്കുന്നു:

1. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കുകൾ.
2. മിഷൻ സമുദ്രയുമായി ബന്ധപ്പെട്ട പോർട്ട് അധിഷ്ഠിത വ്യവസായങ്ങൾ.
3. ലോജിസ്റ്റിക് പാർക്കുകൾ.
4. ഡാറ്റാ സെന്ററുകൾ.
5. ഗ്ലോബൽ കപ്പബിലിറ്റി സെന്ററുകൾ (GCCs).
6. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായുള്ള പാർക്കുകൾ — പ്രത്യേകിച്ച് പ്രിസിഷൻ എൻജിനീയറിങ്, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ.

ഇതിനുപുറമേ IT., ITES., ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) എന്നീ മേഖലകളിലും സാധ്യതാ പഠനങ്ങൾ നടത്തും. ഓരോ മേഖലയുടെയും പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് പ്രത്യേക വ്യവസായ പാർക്കുകൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കും.

കേരളത്തിന്റെ വ്യവസായ വികസനം പരമ്പരാഗത മേഖലകളിൽ മാത്രം പരിമിതപ്പെടുത്താതെ, ഭാവിയിലെ ആഗോള സമ്പദ്‌വ്യവസ്ഥയിൽ നിർണായകമാകുന്ന സാങ്കേതികവിദ്യാ മേഖലകളിലേക്കും വ്യാപിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം.

5. വിഴിഞ്ഞം തുറമുഖം: പുതിയ വ്യവസായ സാധ്യതകൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തുറന്നുനൽകുന്ന സാധ്യതകൾ വളരെ വലുതാണ്.

തുറമുഖവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും സംഭരണ-ഗതാഗത സംവിധാനങ്ങൾക്കും ലോജിസ്റ്റിക് സേവനങ്ങൾക്കും വലിയ വളർച്ചാ സാധ്യതയുണ്ട്. ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിഴിഞ്ഞം മേഖലയെ കേന്ദ്രീകരിച്ച് ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

തുറമുഖം, വ്യവസായം, ഗതാഗതം, സംഭരണം, വിതരണ ശൃംഖല എന്നിവയെ ഏകോപിപ്പിക്കുന്ന ഇത്തരം സംവിധാനങ്ങൾ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാകും.

6. അന്താരാഷ്ട്ര നിക്ഷേപകരെയും പ്രവാസികളെയും ആകർഷിക്കൽ

കേരളത്തിലേക്ക് കൂടുതൽ വിദേശ നിക്ഷേപവും പ്രവാസി നിക്ഷേപവും ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യിൽ 'ഇൻവെസ്റ്റ് കേരളം സെൽ' നിലവിൽ വന്നിട്ടുണ്ട്.

ഇതിന്റെ തുടർച്ചയായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നീ നഗരങ്ങളിൽ കേരള ഡെസ്കുകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ അന്താരാഷ്ട്ര തലത്തിൽ പരിചയപ്പെടുത്തുക, നിക്ഷേപകരുമായി നേരിട്ട് ബന്ധപ്പെടുക, പദ്ധതികൾക്ക് ആവശ്യമായ പിന്തുണ ഏകോപിപ്പിക്കുക എന്നിവയാണ് ഇത്തരം ഡെസ്കുകളിലൂടെ ലക്ഷ്യമിടുന്നത്.

7. നിക്ഷേപ പ്രോത്സാഹന പാക്കേജുകളുടെ പരിഷ്കരണം

ഇന്നത്തെ നിക്ഷേപ സാഹചര്യത്തിൽ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നത് മാത്രം മതിയാകില്ല. സാമ്പത്തിക ആനുകൂല്യങ്ങൾ, സാങ്കേതിക പിന്തുണ, നൈപുണ്യമുള്ള തൊഴിലാളികളുടെ ലഭ്യത, അടിസ്ഥാനസൗകര്യങ്ങൾ, വിപണിയിലേക്കുള്ള പ്രവേശനം എന്നിവയും നിക്ഷേപകർ പ്രതീക്ഷിക്കുന്നു.

വൻകിട നിക്ഷേപ പദ്ധതികളുടെ പ്രത്യേക ആവശ്യങ്ങളും അവയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന സാമ്പത്തിക-തൊഴിൽ നേട്ടങ്ങളും പരിഗണിച്ച് വിവിധ സംസ്ഥാനങ്ങൾ പ്രത്യേക പ്രോത്സാഹന പാക്കേജുകൾ നടപ്പിലാക്കിവരുന്നുണ്ട്.

ഈ സാഹചര്യത്തിൽ കേരളത്തിന്റെ നിലവിലുള്ള ഇൻസെന്റീവ് ചട്ടക്കൂട് കാലോചിതമായി പരിഷ്കരിച്ച്, മറ്റു സംസ്ഥാനങ്ങളുമായി മത്സരിക്കാൻ കഴിയുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

8. വിവിധ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ

പുതുക്കിയ ഇൻസെന്റീവ് പാക്കേജിന്റെ ഭാഗമായി താഴെപ്പറയുന്ന മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും:

- മൂലധന സബ്സിഡി.
- തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ.
- സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിലെ ഇളവുകൾ.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കും പാർക്കുകൾക്കുമുള്ള ആനുകൂല്യങ്ങൾ.
- വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള സഹായം.
- ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കും നവീകരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ.
- കേരള ബ്രാൻഡിംഗിനുള്ള പിന്തുണ.
- വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള ചരക്ക് സേവന നികുതി (GST) തിരിച്ചടവ്.
- മുൻനിര സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ.

ഇതിലൂടെ നിക്ഷേപകരുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും സംരംഭങ്ങളുടെ മത്സരശേഷി വർധിപ്പിക്കുന്നതിനും സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങൾ വളർത്തിയെടുക്കുന്നതിനും സാധിക്കും.

9. ഐ.പി.ഒ. വഴി മൂലധന സമാഹരണത്തിന് പ്രോത്സാഹനം

കേരളത്തിൽ രജിസ്റ്റർ ചെയ്ത ഓഫീസുള്ള വൻകിട സ്ഥാപനങ്ങൾ പ്രാരംഭ ഓഹരി വിൽപ്പനയിലൂടെ (IPO) മൂലധനം സമാഹരിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതിയും പുതുക്കിയ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതനുസരിച്ച്, ഐ.പി.ഒ.യുടെ ഭാഗമായി വരുന്ന ഇഷ്യു ചെലവുകളുടെ 25 ശതമാനം, പരമാവധി രണ്ട് കോടി രൂപ വരെ, തിരിച്ചുനൽകുന്ന ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നു.

ഐ.പി.ഒ. വഴി സമാഹരിക്കുന്ന തുകയുടെ കുറഞ്ഞത് 50 ശതമാനമെങ്കിലും 24 മാസത്തിനുള്ളിൽ കേരളത്തിൽ വിനിയോഗിക്കണമെന്ന നിബന്ധനയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിബന്ധന പാലിക്കാത്ത പക്ഷം നൽകിയ ആനുകൂല്യം തിരിച്ചുപിടിക്കുന്ന വ്യവസ്ഥയും ഉണ്ടായിരിക്കും.

10. സംരംഭങ്ങളുടെ വളർച്ചയ്ക്കും പുനഃസംഘടനയ്ക്കും പിന്തുണ

കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന കമ്പനികൾ മെർജർ അമൽഗമേഷൻ ഓർഡറുകളിലൂടെ IPO ക്ക് വേണ്ടി തയ്യാറെടുക്കുമ്പോൾ നമ്മുടെ അയൽ സംസ്ഥാനങ്ങൾ നൽകുന്ന സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീ എന്നിവയിലെ അപ്പർ ക്യാപ് ഉള്‍പ്പെടെയുള്ള ഇളവുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഇവിടെയും നടപ്പാക്കും

മറ്റ് സംസ്ഥാനങ്ങളിൽ ലഭ്യമാകുന്ന ഇത്തരം ആനുകൂല്യങ്ങൾ കേരളത്തിലും ലഭ്യമാക്കുന്നതിലൂടെ വളർന്നുവരുന്ന കമ്പനികൾക്ക് മൂലധന വിപണിയിൽ പ്രവേശിക്കാനും വികസനത്തിനാവശ്യമായ ധനസമാഹരണം നടത്താനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനാകും.

കേരളത്തിൽ നിന്ന് മൂലധനം സമാഹരിക്കപ്പെടുന്നുണ്ടെങ്കിലും, സംസ്ഥാനത്ത് വളർന്നുവരുന്ന നിരവധി കമ്പനികൾക്ക് ഐ.പി.ഒ. വഴി പൊതുവിപണിയിൽ ലിസ്റ്റ് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിമിതമാണ്. ഇത്തരം

പ്രോത്സാഹനങ്ങൾ കമ്പനികളുടെ വളർച്ചയ്ക്കും വിപുലീകരണത്തിനും സഹായകമാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

ഈ ആനുകൂല്യങ്ങൾ ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായിട്ടായിരിക്കും അനുവദിക്കുക.

11. നിക്ഷേപം, തൊഴിൽ, സാമ്പത്തിക വളർച്ച

ബഹുമാനപ്പെട്ട സ്പീക്കർ സാർ,

വ്യവസായ വികസനത്തിന് ആവശ്യമായ ഭൂമി, ശാസ്ത്രീയമായ പദ്ധതി ആസൂത്രണം, അടിസ്ഥാനസൗകര്യങ്ങൾ, നിക്ഷേപ പ്രോത്സാഹനങ്ങൾ എന്നിവ ഒരുമിച്ച് ലഭ്യമാക്കാൻ കഴിയുമ്പോൾ കേരളത്തിന്റെ വ്യവസായ മേഖലയിൽ പുതിയ ഉണർവും കുതിപ്പും സൃഷ്ടിക്കാൻ സാധിക്കും.

നമ്മുടെ യുവാക്കൾക്ക് അവരുടെ വിദ്യാഭ്യാസത്തിനും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിലവസരങ്ങൾ സ്വന്തം നാട്ടിൽ തന്നെ ലഭ്യമാക്കുക എന്നത് ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

കൂടുതൽ നിക്ഷേപങ്ങൾ വരുമ്പോൾ പുതിയ സംരംഭങ്ങൾ രൂപപ്പെടും; സംരംഭങ്ങൾ വളരുമ്പോൾ തൊഴിലവസരങ്ങൾ വർധിക്കും; തൊഴിലവസരങ്ങൾ വർധിക്കുമ്പോൾ കുടുംബങ്ങളുടെ വരുമാനവും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും ശക്തിപ്പെടും.

കേരളത്തിന്റെ മനുഷ്യവിഭവശേഷിയെ ലോകോത്തര നിക്ഷേപങ്ങളുമായി ബന്ധിപ്പിക്കുകയും, നിക്ഷേപങ്ങളെ തൊഴിലവസരങ്ങളാക്കി മാറ്റുകയും, ആ തൊഴിലവസരങ്ങളെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ കരുത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ സമീപനത്തിന്റെ അടിസ്ഥാന ലക്ഷ്യം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും ഉദ്ദേശിക്കുന്ന നയപരമായ മാറ്റങ്ങളും ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്.